# നാടകപ്രവർത്തകരുടെ നാടകക്കൂട്ടം രൂപവത്കരിച്ചു




**ദോഹ:** ലോക തിയറ്റർ ദിനത്തോടനുബന്ധിച്ച് ഫ്രന്റ്സ് കൾച്ചറൽ സെന്റർ കലാസാഹിത്യവേദി പ്രവാസികളായ മലയാളി നാടക പ്രവർത്തകരുടെ ഒത്തുചേരൽ സംഘടിപ്പിച്ചു. നാടക അരങ്ങിലും അണിയറയിലും വ്യക്തിമുദ്രപതിപ്പിച്ചവരും നാടകത്തെ നെഞ്ചേറ്റിയവരും തങ്ങളുടെ നാടകാനുഭവങ്ങൾ പങ്കുവെച്ചത് വേറിട്ട അനുഭവമായി.

നാടകം മരിക്കുന്നുവെന്ന പ്രചാരണം തെറ്റാണെന്നും പാശ്ചാത്യ നാടുകളിലടക്കം നാടക പ്രസ്ഥാനങ്ങൾ ശക്തിയാർജിച്ചുവരികയാണെന്നും സംഗമത്തിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. സംഘർഷം ഉണ്ടെങ്കിലേ നാടകം എന്ന കല സർഗാത്മകമാവുകയുള്ളൂ. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരെയും തിന്മകൾക്കെതിരെയും സർഗാത്മകമായി പ്രതികരിച്ചുകൊണ്ടാണ് നാടക പ്രസ്ഥാനങ്ങൾ ഉയർന്നുവന്നത്. ഇനിയും ഇത്തരം ദൗത്യങ്ങളുമായി മുന്നേറണമെന്നും അവർ അഭിപ്രായപ്പെട്ടു.

എഫ്.സി.സി കലാസാഹിത്യവേദി കൺവീനറും പ്രമുഖ നാടക സംവിധായകനും നടനുമായ എ.വി.എം. ഉണ്ണി അധ്യക്ഷത വഹിച്ചു. അസി. കൺവീനർ സി.ആർ. മനോജ് ആമുഖ പ്രഭാഷണം നിർവഹിച്ചു. നാടക പ്രവർത്തകരായ ശ്രീകുമാർ, ഇഖ്ബാൽ ചേറ്റുവ, അൻവർ ബാബു, സലാം കോട്ടക്കൽ, ആഷിഖ് മാഹി, ആസിഫലി, രഞ്ജു ഹെവൻ, സുഹൈൽ ശാന്തപുരം, കെ.ടി. ശരീഫ്, ഫരീദ് തിക്കോടി, വി.കെ.എം. കുട്ടി, കുഞ്ഞഹമ്മദ് കാപ്പൻ എന്നിവർ നാടകാനുഭവങ്ങൾ പങ്കുവെച്ചു. എം.ടി. നിലമ്പൂർ സമാപന പ്രസംഗം നടത്തി.

ഫരീദ് തിക്കോടി കൺവീനറും സലാം കോട്ടക്കൽ അസി. കൺവീനറുമായി എഫ്.സി.സി നാടകക്കൂട്ടം രൂപീകരിച്ചു. റഫീഖ് മേച്ചേരി, സുഹൈൽ ശാന്തപുരം എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

നാടകക്കൂട്ടവുമായി സഹകരിക്കാൻ താൽപര്യമുള്ളവർക്ക് 44661213 നമ്പറിലോ fccdoha@gmail.com വിലാസത്തിലോ ബന്ധപ്പെടാം.

## ‘അരങ്ങ്’ നാടകക്കളരി

**ദോഹ:** ഫ്രന്റ്സ് കൾച്ചറൽ സെന്റർ നാടകക്കൂട്ടം ‘അരങ്ങി’ന്റെ ആഭിമുഖ്യത്തിൽ മെയ് 23, 24, 25 തീയതികളിൽ നാടകക്കളരി സംഘടിപ്പിക്കുന്നു. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നവർക്കാണ് പ്രവേശനം. പങ്കെടുക്കാൻ താൽപര്യമുള്ളവർ 44661213 നമ്പറിലോ fcdoha@gmail.com വിലാസത്തിലോ ബന്ധപ്പെടുക.

## എഴുത്തുകാരുടെ /റിപ്പോർട്ടർമാരുടെ ശ്രദ്ധക്ക്

*പ്രബോധനം* ഇന്റർനാഷ്നലിലേക്കുള്ള ലേഖനങ്ങളും ‘ഗൾഫ് വിശേഷ’ത്തിലേക്കുള്ള വാർത്തകളും താഴെ വിലാസത്തിൽ മാത്രം അയക്കുക. അയക്കുന്ന ഫോട്ടോകൾക്ക് ഇംഗ്ലീഷിലോ മലയാളത്തിലോ കാപ്ഷൻ നൽകിയിരിക്കണം

**editorprabodhanam@gmail.com**

-എഡിറ്റർ

## മലർവാടി മഴവില്ല്

**മനാമ:** മലർവാടി ബാലസംഘം ബഹ്റൈൻ ഘടകം കുട്ടികൾക്കായി സംഘടിപ്പിച്ച ചിത്രരചനാ മത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു. കിഡ്സ് വിഭാഗത്തിൽ ഒന്നാം സ്ഥാനം ആഷിക വിനീഷും രണ്ടാം സ്ഥാനം ധനീഷയും മൂന്നാം സ്ഥാനം നിഹാൽ അഹ്മദും കരസ്ഥമാക്കി. സബ്ജൂനിയർ വിഭാഗത്തിൽ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ഭവ്യ പവിത്രനും കീർത്തന സജിത്തും ഫാത്വിമ പി. മുഹമ്മദും നേടി. ജൂനിയർ വിഭാഗത്തിൽ അല അബൂബക്കർ, നിഹാരിക രാം എന്നിവർ ഒന്നാം സ്ഥാനവും ശ്രദ്ധ ജയപ്രകാശ്, സൈനബ് നഫീസ എന്നിവർ രണ്ടാം സ്ഥാനവും റിയാ റാഖിബ്, അനഘ എസ്. ലാൽ എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഗൾഫ് മാധ്യമം, ഷക്കൽ ട്രേഡിംഗ്, യു.എ.ഇ എക്സ്ചേഞ്ച് എന്നിവയുമായി സഹകരിച്ച് നടത്തിയ മത്സരത്തിൽ അഞ്ഞൂറോളം കുട്ടികൾ പങ്കെടുത്തു.

വിജയികൾക്കുള്ള സമ്മാനങ്ങൾ മെയ് 24-ന് മുഹറഖ് അൽഇസ്‌ലാഹ് ഹാളിൽവെച്ച് നടക്കുന്ന കളിക്കൂട് പരിപാടിയിൽ വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് 33538927, 39171369 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.





## രോഗവും പ്രതിരോധവും:
## ആരോഗ്യബോധവൽക്കരണ പരിപാടി ശ്രദ്ധേയമായി

**ദമ്മാം:** പ്രവാസി കുടുംബിനികളിൽ കണ്ടുവരുന്ന അമിതവണ്ണം, വ്യായാമമില്ലായ്മ, കൂടുതലായുള്ള ഉറക്കം, മാറിവരുന്ന ജീവിതശൈലിയും ഭക്ഷണരീതിയുമെല്ലാം രോഗാതുരമായ അവസ്ഥയാണ് സൃഷ്ടിക്കുന്നതെന്ന് ദമ്മാം ആംഡ് ഫോഴ്സ് ഹോസ്പിറ്റലിലെ ഡോ. ടെസ്സി റോണി അഭിപ്രായപ്പെട്ടു. തനിമ വനിതാ വിഭാഗം ദമ്മാം സഫാ ഓഡിറ്റോറിയത്തിൽ വനിതകൾക്കായി സംഘടിപ്പിച്ച ആരോഗ്യ ബോധവൽക്കരണ ക്ലാസിൽ സംസാരിക്കുകയായിരുന്നു അവർ. രോഗം വന്നതിന് ശേഷം ചികിത്സിക്കുന്നതിനെക്കാൾ നല്ലത് അവ വരാതിരിക്കാനുള്ള ശ്രദ്ധയും പരിചരണവും ഓരോരുത്തരും കൈക്കൊള്ളലാണെന്ന് അവർ ഓർമിപ്പിച്ചു.

കലോറി കൂടിയ ഭക്ഷണവും വ്യായാമക്കുറവും നമ്മുടെ ശരീരത്തിലെ സെല്ലുകളെ നിർജീവമാക്കുകയാണ് ചെയ്യുന്നത്. സ്ത്രീകളിൽ കണ്ടുവരുന്ന ബ്രസ്റ്റ് കാൻസറും ആന്തരിക അവയവങ്ങളെ ബാധിക്കുന്ന മറ്റു രോഗങ്ങളും തുടക്കം മുതൽ തന്നെ ചികിത്സിച്ചാൽ സുഖപ്പെടുത്താവുന്നതാണ്. 30 വയസ്സിനു മുകളിലുള്ള എല്ലാവരും ഇടവിട്ടുള്ള മെഡിക്കൽ പരിശോധനക്ക് വിധേയരാവണം. സദസ്സിൽ നിന്നുള്ള സംശയങ്ങൾക്ക് അവർ മറുപടി നൽകി. ഫാസിന ബഷീർ അധ്യക്ഷത വഹിച്ചു. സീനത്ത് മുസ്ത്വഫ മോഡറേറ്ററായിരുന്നു.

ഏപ്രിൽ മാസത്തിൽ നടന്ന ആരാമം മലർവാടി പ്രചാരണ കാമ്പയിനിന്റെ ഭാഗമായി ഏറ്റവും കൂടുതൽ വരിചേർത്ത നജ്മാ സാദിഖ്, വഹദ കോയ, സഫിയ ഇബ്രാഹീംകുട്ടി, ഫാസിന ശാക്കിർ, ത്വാഹിറ അസീസ് എന്നിവർക്ക് വനിതാസമിതി അംഗങ്ങൾ സമ്മാനം വിതരണം ചെയ്തു. നാസ്നീൻ സിനാൻ ഖിറാഅത്ത് നടത്തി. സനീജ സഗീർ നന്ദി പറഞ്ഞു.

## ചിത്രരചനാ മത്സരം വിജയികളെ പ്രഖ്യാപിച്ചു



ആഷിക വിനീഷ്



നിഹാൽ അഹ്മദ്



ഭവ്യ പവിത്രൻ



കീർത്തന സജിത്ത്



ഫാത്വിമ പി. മുഹമ്മദ്



അല അബൂബക്കർ



നിഹാരിക രാം



സൈനബ് നഫീസ



ശ്രദ്ധ ജയപ്രകാശ്



റിയാ റാഖിബ്



അനഘ എസ്. ലാൽ